**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2263** **05-02-2026 - ൽ മറുപടിയ്ക്ക്**

**പാൽ, മത്സ്യം എന്നിവയുടെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാൽ, മത്സ്യം എന്നിവയുടെ ഗുണനിലവാര പരിശോധന ഉറപ്പ് വരുത്താൻ വകുപ്പ് തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | ഉത്സവ സീസണുകളിലും ഓണം, ക്രിസ്മസ് മുതലായ മറ്റ് ആഘോഷവേളകളിലും സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ഭക്ഷ്യ പരിശോധനകൾ നടത്തിവരുന്നു. ഇതിൽ അന്യസംസ്ഥാന ങ്ങളിൽ നിന്നും വരുന്ന പാൽ, മത്സ്യം എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകി പരിശോധിക്കുന്നുണ്ട്. നിശ്ചിത എണ്ണത്തിൽ കുറയാത്ത സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനയ്ക്ക് അയയ്ക്കുന്നു. സംസ്ഥാനത്തുടനീളം മൽസ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 'ഓപ്പറേഷൻ മൽസ്യ' എന്ന പേരിൽ വകുപ്പിന്റെ പ്രത്യേക പരിശോധനാ ഡ്രൈവ് നടന്നുവരുന്നു. ഇതിൽ മൽസ്യത്തിന്റെ സാമ്പിൾ ശേഖരണവും ഉൾപ്പെടുന്നു. KARSAP, National Annual Surveillance Plan എന്നിവയുടെ ഭാഗമായി പാലിന്റെയും പാലുത്പന്നങ്ങളുടെയും പരിശോധനയും അവയിൽ നിഷ്കർഷിക്കും പ്രകാരമുള്ള സാമ്പിൾ ശേഖരണവും നടത്തുന്നു. ഇവയ്ക്ക് പുറമേ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പതിവ് പരിശോധനകളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാൽ, മത്സ്യം എന്നിവയും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ